## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.308** **25/04/2017-ൽ മറുപടിക്ക്**

### ഐരാണിമുട്ടം ഹോമിയോ മെഡിക്കൽ കോളേജിൽ സ്കാനിംഗ്

**ചോദ്യം**

ഡോ.എം. കെ. മുനീർ

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തലസ്ഥാന നഗരിയിലെ ഐരാണിമുട്ടം ഹോമിയോ മെഡിക്കൽ കോളേജിൽ സ്കാനിംഗ് നടത്താൻ മാസങ്ങളായി ഡോക്ടറില്ലാത്തതുമൂലം രോഗികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അടിയന്തിര ഓപ്പറേഷൻ ആവശ്യമുള്ള രോഗികൾപോലും ഡോക്ടറില്ലാത്തതിനാൽ സ്കാനിംഗ് നടത്താനാവാതെ, ഓപ്പറേഷൻ മുടങ്ങുന്ന അവസ്ഥയുള്ള കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ; | (ബി) | ഐരാണിമുട്ടം ഹോമിയോ മെഡിക്കൽ കോളേജിൽ ഓപ്പറേഷൻ നടത്തുന്നില്ല. |
| (സി) | മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന ആയിരക്കണക്കിന് രോഗികളുടെ ചികിത്സയ്ക്കു വേണ്ടി സ്കാനിംഗ് ഡോക്ടറെ അടിയന്തരമായി നിയമിക്കുമോ? | (സി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ